# S.S.D
# ശിശുവിഹാർ യു.പി.എസ്
## വഴുതക്കാട്



# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ പരമാവധി മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. 2025-26 അധ്യയനവർഷത്തിൽ 1 മുതൽ 7 വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിൽ ഉള്ള സാമൂഹിക -വൈകാരിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക. പഠനവിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശുസൗഹാർദ്ധപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ചിട്ടപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കൂടിയാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി വ്യത്യസ്ത പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി പ്രത്യേക പരിശീലനം നൽകുന്ന പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിദ്യാലയം തന്നെ പാഠപുസ്തകം എന്ന നിലയിലേക്കാണ് വിദ്യാലയാന്തരീക്ഷം മാറിയിരിക്കുന്നത്. അക്കാദമിക പ്രവർത്തന ങ്ങൾക്കൊപ്പം തന്നെ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പി ക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടു ണ്ട്. മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിൽ താല്പര്യം ജനി പ്പിക്കുന്ന തരത്തിൽ ലഘുപഠനയാത്രകൾ, ശില്പശാലകൾ, പ്രോജക്ടുകൾ, വിദഗ്ദരുടെ ക്ലാസുകൾ തുടങ്ങി വൈവിധ്യ മാർന്ന പഠനതന്ത്രങ്ങൾ പരമാവധി ഉൾപ്പെടുത്തിയാണ് അക്കാദ മിക മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

# ക്ലാസ് – 1
# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അദ്ധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, സംയുക്തഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര്യ രചനകൾ, ശില്പശാല എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കിയും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ, എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുവായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. ഈ വർഷം ജൂൺ മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും, സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* രക്ഷിതാവിന്റെയും അദ്ധ്യാപികയുടെയും സഹായത്തോടെ വിവിദ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ.
* സ്വന്തമായി ഡയറി എഴുതുന്നു
* കുട്ടികളെ എഴുത്തിന്റെ ലോകത്തേയ്ക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തി കുട്ടിയെ സ്വയം സ്വായത്തമാക്കൽ.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. വിവിധ രചനകളിൽ ഏർപ്പെടാനുള്ള ശേഷി ഉള്ളവരാക്കുക | * സ്കൂൾ അന്തരീക്ഷം പഠനാനന്ദകരമാക്കുക.<br>* തീം അടിസ്ഥാനമാക്കി പാട്ട്, കഥ, കഥാഗാനങ്ങൾ, ചിത്രങ്ങൾ വഴിയും ഡിജിറ്റൽ മാർഗ്ഗത്തിലൂടെയും<br>* ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം പങ്കുവെയ്ക്കൽ<br>* അക്ഷരപാട്ടുകളിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>* ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്നു.<br>* സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ - ഡയറി എഴുത്ത്<br>* ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു<br>* ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും പുനരവത | ജൂൺ<br><br>ജൂലൈ | അധ്യാപിക<br>അധ്യാപിക<br>അധ്യാപിക രക്ഷിതാവ്<br>അധ്യാപിക | |

| | | | | |
|---|---|---|---|---|
| | രണത്തിനുമുള്ള സാധ്യത ഒരുക്കൽ<br>* പത്രച്ചെപ്പ് (Group activity) പരിചയപ്പെട്ട അക്ഷരങ്ങൾ ഉള്ള വാക്കുകൾ പത്രത്തിൽ നിന്ന് കണ്ടെത്തൽ<br>* കുട്ടിക്ക് സ്വയം കവിത, കഥ പറയാൻ അവസരം ഒരുക്കൽ<br>* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകൽ<br>* കഥാച്ചെപ്പ് - ക്ലാസ് ലൈബ്രറി ഉപയോഗിച്ച് കഥ വായിക്കൽ<br>* വായനമൂല ഒരുക്കൽ ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ, പദങ്ങൾ കണ്ടെത്തി എഴുതുന്നു.<br>* സംയുക്ത ഡയറി, സചിത്ര പുസ്തകം മെച്ചപ്പെടുത്തൽ<br>* പദനിർമ്മാണം, ചെറുവാക്യ നിർമ്മാണം - സ്വായത്തമാക്കിയ | ആഗസ്റ്റ്<br>സെപ്റ്റംബർ | അധ്യാപിക രക്ഷിതാവ്<br>അധ്യാപിക രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | അക്ഷരങ്ങൾ കൂട്ടി ചേർത്ത്<br>* തിയേറ്റർ സാധ്യതകൾ വായന കേളികൾ ഉപയോഗിച്ച് വായനയി ലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ<br>* കൂട്ടുവായന - കുട്ടികൂട്ടങ്ങൾ പര സ്പരം സഹായിച്ച് ചിത്രകഥാ വായന നടത്തുന്നു.<br>* പാഠപുസ്തക രചനകൾ ഭാവാത്മക മായി അവതരിപ്പിക്കൽ<br>* ചിത്രങ്ങൾക്ക് സഹായത്തോടെ ലളി തമായ അടിക്കുറിപ്പെഴുതൽ<br>* കൂട്ടുവായന, കൂട്ടു രചന, കഥ നിർമ്മാണം, വരികൾ കൂട്ടിച്ചേർക്കൽ<br>* സചിത്ര ബുക്കുകൾ ഭാഷോത്സവ ത്തിൽ അവതരിപ്പിക്കൽ<br>* സംയുക്തഡയറി കൂടുതൽ വാക്യ ഘടനയിൽ എഴുതി ചേർക്കൽ<br>* നിശ്ചിത പാഠത്തിലെ ആശയം പറ | ഒക്ടോബർ<br>നവംബർ | BRC Resource Teacher<br>അധ്യാപിക<br>BRC അധ്യാപിക രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | യുകയും എഴുതുകയും ചെയ്യുന്നു. | | | |
| | * കൂട്ടുവായന, വീട്ടുവായന, ചിത്ര വായന, ചൂണ്ടിവായന ഇവയെ പ്രോത്സാഹിപ്പിക്കൽ | | രക്ഷിതാക്കൾ | |
| | * ആശയങ്ങൾ, സംഭാഷണങ്ങൾ, വിവരണം, പതിപ്പ് തയ്യാറാക്കൽ | ജനുവരി | അധ്യാപിക | |
| | * സ്വന്തം സൃഷ്ടി അവതരണം (അസംബ്ലി, ക്ലാസ് തല പ്രവർത്തന ങ്ങൾ) | | എച്ച്.എം (അസംബ്ലി) | |
| | * പോസ്റ്റർ നിർമ്മാണം | | | |
| | * സാങ്കൽപിക ഡയറി എഴുത്ത് | ഫെബ്രുവരി | | |
| | * ചിത്രം നൽകി അതിൽ നിന്ന് കഥാ രചന | | | |
| | * സ്വന്തമായി പതിപ്പ് തയ്യാറാക്കൽ | | | |
| | * കൈയെഴുത്ത് മാസിക | | | |
| | * സ്കൂൾ മാഗസിൻ | | എച്ച്.എം, ടീച്ചർ<br>പി.റ്റി.എ | |

# പരിസരപഠനം

**<u>ലക്ഷ്യം</u>**

* നിരീക്ഷണം, താരതമ്യം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു.
* പരിസ്ഥിതി സൗഹൃദ മനോഭാവം ജനിപ്പിക്കൽ
* ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ
* നല്ല ആഹാരശീലങ്ങൾ പാലിക്കൽ
* വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു
* ലഘുപരീക്ഷണത്തിൽ ഏർപ്പെടാനുള്ള മനോഭാവം കഴിവ് ഉള്ളവരാക്കുന്നു.

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| * പരിസര നടത്തം സൂക്ഷ്മ തലത്തിലുള്ള നിരീക്ഷണം | ജൂൺ | അധ്യാപിക | |
| * ജീവികളെ നടക്കുന്നവർ / പറക്കുന്നവർ എന്നിങ്ങനെ തരംതിരിച്ചു പറയുന്നു | | | |
| * പരിസര നടത്തം | | എസ്.ആർ.ജി<br>അധ്യാപിക<br>പി.റ്റി.എ | |
| * പക്ഷി നിരീക്ഷണം തരം തിരിക്കൽ, താരതമ്യം ചെയ്യൽ | | | |
| * ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്ത കൾ ഉണ്ടെന്ന് കണ്ടെത്തൽ | | | |
| * ചെടികൾ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെ ത്തുന്നു | ജൂലൈ | അധ്യാപിക<br>രക്ഷിതാക്കൾ | |
| * ജലവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെ ടുന്നു. | ആഗസ്റ്റ് | അധ്യാപിക<br>എസ്.ആർ.ജി | |
| * കണ്ടെത്തലുകൾ വിശദീകരിക്കുന്നു | | | |
| * സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ സവിശേ ഷതകൾ കണ്ടെത്തി വിശദീകരിക്കുകയും സാമ്യ വ്യത്യാസം കണ്ടെത്തി അവതരിപ്പിക്കുന്നു | | | |
| * വിവിധതരം ആഘോഷങ്ങളെ കുറിച്ച് അന്വേഷിക്കുന്നു. അതുമായി ബന്ധപ്പെട്ട കളികൾ തിരിച്ചറിയുകയും കളി യുടെ നിയമം പാലിച്ചു കളിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | അധ്യാപിക | |

| | | | |
|---|---|---|---|
| * ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് വളർത്തു മൃഗങ്ങൾ/ അല്ലാത്തവ ഏതെന്നു കണ്ടെത്തുന്നു<br>* ജീവികളുടെ ആൽബം തയ്യാറാക്കുന്നു<br>* വിവിധ തരം കൃഷികൾ മനസിലാക്കുന്നു. മുതിർന്നവരുടെ സഹായത്തോടെ വിവിധ കൃഷി, കൃഷി രീതികൾ, കൃഷി ചൊല്ലുകൾ കണ്ടെത്തി പതിപ്പ് നിർമ്മിക്കുന്നു.<br>* വാഹനങ്ങളെ അവ സഞ്ചരിക്കുന്ന മാധ്യമങ്ങളുടെ അടിസ്ഥാനത്തിൽ തിരിക്കുന്നു.<br>* ചുറ്റുപാടുള്ള വാഹനങ്ങളെ കണ്ടെത്തി അവയെ ചക്രങ്ങളുടെ എണ്ണത്തിനനുസരിച്ച് തരം തിരിക്കുന്നു.<br>* വാഹന പതിപ്പ് നിർമ്മാണം<br>* നമുക്ക് ചുറ്റുപാടുള്ള പൊതുസ്ഥാപനങ്ങൾ കണ്ടെത്തുന്നു. പട്ടികപ്പെടുത്തുന്നു.<br>* പതിപ്പ് നിർമ്മാണം<br>* വിവിധ ഭക്ഷ്യവസ്തുക്കൾ പട്ടികപ്പെടുത്തുന്നു.<br>* തരം തിരിച്ച് വിശദീകരിക്കുന്നു<br>* പോസ്റ്റർ നിർമ്മാണം | ഒക്ടോബർ<br><br>നവംബർ<br><br>ജനുവരി<br><br>ഫെബ്രുവരി | S.R.G<br>PTA, Teacher<br><br>അധ്യാപിക<br>എസ്.ആർ.ജി<br>പി.റ്റി..എ<br><br>അധ്യാപിക<br>രക്ഷിതാക്കൾ | |

# ഗണിതം

## <u>ലക്ഷ്യങ്ങൾ</u>

* ഒന്നു മുതൽ പത്തുവരെയുള്ള സംഖ്യകളെ തിരിച്ചറിയുന്നു എഴുതുന്നു.
* സംഖ്യകളുടെ എണ്ണത്തിൽ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടാൻ പ്രാപ്തരാക്കുന്നു.

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| **സംഖ്യാബോധം** | | | |
| * സംഖ്യകളെ തിരിച്ചറിയൽ പ്രവർത്തനങ്ങൾ | ജൂൺ | അധ്യാപിക<br>ബി.ആർ.സി | |
| * സംഖ്യ കാർഡ് നിർമ്മാണം | | | |
| * ഗണിത കിറ്റ്<br>ഗണിത പഠനത്തിന് സഹായകമായ തരത്തിലുള്ള ഗണിത കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ | അധ്യാപിക<br>രക്ഷിതാവ്<br>ബി.ആർ.ഡി | |
| * വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് യോജിച്ച പദങ്ങൾ ഉപയോഗിക്കുന്നു. (വലുത്/ചെറുത്, ഉയരം കൂടിയത്/ കുറഞ്ഞത്, നീളം കൂടിയത്/ കുറഞ്ഞത്) | | | |
| * വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ആഗസ്റ്റ് | അധ്യാപിക | |
| * സംഖ്യ ഗാനങ്ങൾ ആലപിക്കൽ (ഉല്ലാസ ഗണിതം)<br>സംഖ്യ ചിത്രങ്ങൾ വരയ്ക്കൽ | | | |
| * സംഖ്യകൾ തമ്മിലുള്ള സങ്കലന പ്രക്രിയകൾ | സെപ്റ്റംബർ | | |
| * ഒറ്റസംഖ്യ ഇരട്ട സംഖ്യ തരം തിരിക്കൽ | | അധ്യാപിക | |
| * ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | ഒക്ടോബർ | | |
| * സംഖ്യ ഗാനങ്ങൾ ശേഖരിക്കൽ | | | |

| | | | |
|---|---|---|---|
| * സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയുന്നു.<br>* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br>* വിവിധ തരത്തിലുള്ള ഗണിത രൂപങ്ങൾ പരിചയപ്പെടൽ<br>* 50 രൂപ വരെയുള്ള നോട്ടുകളും 1, 2, 5, 10 എന്നീ നാണയങ്ങൾ പരിചയപ്പെടുത്തുന്നു.<br>* ദിവസങ്ങൾ പരിചയപ്പെടുത്തുന്നു<br>* കലണ്ടർ പരിചയപ്പെടുത്തുന്നു.<br>* ഗണിത കിറ്റ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു. | നവംബർ<br><br>ജനുവരി<br><br>ഫെബ്രുവരി | ബി.ആർ.സി<br>അധ്യാപിക<br>എസ്.ആർ.ജി<br>അധ്യാപിക | |

# ENGLISH

AIM

To speak, read and write English without hesitation and mistakes.

| Activities | Month | Support | Expenses |
|---|---|---|---|
| * To develop listening skill<br>o speak with natural volume<br>o Clear and simple instruction<br>o Interaction to know what they understood<br>o Proper pronunciation<br>o English stories and rhymes (ICT) | June<br><br>July | Teacher | |
| * To develop reading skill<br>o Reading small words with proper pronunciation<br>o Picture reading<br>o Find simple words from reading material<br>o Riddles | August<br><br>September | Teacher<br><br>Teacher | |
| * Writing skill<br>o Make word web<br>o conversation<br>o Adding more lines<br>o Growing sentences | October<br>November | | |
| * Speaking Skill<br>o Conversations<br>o Story Telling<br>o Riddles | January<br>February<br>March | Teacher<br>Parents | |

# ക്ലാസ് -II

# റീഡേഴ്സ് തിയേറ്റർ

**ആമുഖം**

കുട്ടികളുടെ വായനയെ മെച്ചപ്പെടുത്തുന്നതിന് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഈ വർഷം നടപ്പിലാക്കിയ പദ്ധതിയാണ് റീഡേഴ്സ് തീയേറ്റർ. ഓരോ യൂണിറ്റും കഴിയുന്നതോടെ കുട്ടികൾ ആ പാഠഭാഗത്തിന്റെ സത്ത മറന്ന് പോകാതെ ആശയങ്ങൾ ക്രമമായി ഓർത്തെടുക്കുന്നതിനും ഗ്രഹിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. ആഖ്യാനം, സംഭാഷണം എന്നിവ കണ്ടെത്തി നാടകാവിഷ്കാരം പോലെ ആവിഷ്കാരം വായിക്കുന്നു. ചമയങ്ങളൊന്നുമില്ലാതെ ആവശ്യമായ ശബ്ദവ്യത്യാസം വരുത്തി പാഠഭാഗം വായിക്കുന്നത് കുട്ടിയെ ആശയങ്ങൾ ഉറപ്പിക്കാനും വായനയോടുള്ള ആഗ്രഹം വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

**ലക്ഷ്യം**

* ഭാഷയെ ഹൃദ്യവും സർഗാത്മകവും ആസ്വാദ്യകരവുമാക്കുന്നു.

# സംയുക്തഡയറി

## ആമുഖം

രണ്ടാം ക്ലാസിലെ കുട്ടികളുടെ സർഗാത്മകതയും ആശയഗ്രഹണ ശേഷി ഉദ്ദേശത്തോടെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സംരംഭമാണ് സംയുക്ത -സചിത്ര - സർഗാത്മക ഡയറി. ഓരോ കുട്ടിയും ആദ്യം മാതാപിതാക്കളുടെയും അധ്യാപകരുടെയും ചിത്രങ്ങളുടെയും സഹായത്തോടെ ദൈനംദിന ജീവിതാനുഭവങ്ങൾ ആവിഷ്ക്കരിക്കുന്നു. ജീവിതത്തിലെ ഓരോ സംഭവവും കുട്ടികൾ നോക്കി കാണുന്ന രീതിയും ഭാഷാ നൈപുണികൾ നേടുന്നതിലെ വളർച്ചയും ഇതിലൂടെ നമുക്കറിയാം. സ്വതന്ത്ര മനസ്സോടെ ഭാഷാശേഷികൾ നേടാൻ പൊന്നോമനകൾക്ക് സാധിക്കട്ടെ.

## ലക്ഷ്യങ്ങൾ

* ചിത്രങ്ങളിലൂടെ ജീവിതാനുഭവങ്ങൾ ഓർമത്താളിൽ പതിപ്പിക്കാൻ സാധിക്കുന്നു.
* ഭാഷാ നൈപുണികൾ/ശേഷികൾ നേടുന്നു.
* കുട്ടി സ്വയം തെറ്റുകൂടാതെ ദൈനംദിന ജീവിതാനുഭവങ്ങൾ ആശയാവിഷ്ക്കാരം ചെയ്യുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|
| **സംയുക്ത ഡയറി**<br>മാതാപിതാക്കളുടെ സഹായത്തോടെ ദൈനംദിന ജീവിതാനുഭവങ്ങൾ തെറ്റ് കൂടാതെ ഒന്നോ രണ്ടോ വാക്യത്തിൽ ആവിഷ്ക്കരിക്കുന്നു. | ജൂൺ<br>ജൂലൈ | കളർ എ4 പേപ്പർ,<br>നോട്ട്ബുക്ക്<br>ക്രയോൺ, സ്കെച്ച്<br>ചിത്രചാർട്ട് | മാതാപിതാക്കൾ<br>കുട്ടികൾ |
| മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ അവരുടെ ആവശ്യമുള്ള കൈത്താങ്ങോടെ ചിത്രങ്ങൾ വരച്ചും കുട്ടി ദൈനംദിന ജീവിതാനുഭവങ്ങൾ സ്വയം ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ | കളർ എ4 പേപ്പർ,<br>നോട്ട്ബുക്ക്<br>ക്രയോൺ, സ്കെച്ച്<br>ചിത്രചാർട്ട് | അധ്യാപകർ<br>മാതാപിതാക്കൾ<br>കുട്ടികൾ |
| **സചിത്ര ഡയറി**<br>കൂടുതൽ ചിത്രങ്ങൾ ചേർത്ത് ജീവിതാനുഭവങ്ങളെ രണ്ടോ മൂന്നോ വാക്യങ്ങളിലൂടെ സ്വയം ആവിഷിക്കരിക്കാൻ ശ്രമിക്കുന്നു. അധ്യാപിക വേണ്ട കൈത്താങ്ങ് നൽകുന്നു. | ഒക്ടോബർ<br>നവംബർ | കളർ എ4 പേപ്പർ,<br>നോട്ട്ബുക്ക്<br>ക്രയോൺ, സ്കെച്ച്<br>ചിത്രചാർട്ട് | അധ്യാപകർ<br>മാതാപിതാക്കൾ<br>കുട്ടികൾ |
| ചിത്രങ്ങളോടൊപ്പം ശരിയായ വാക്യഘടന പാലിച്ച് ആശയ ചോർച്ചയില്ലാതെ ആശയാവിഷ്കാരം നടത്താൻ കുട്ടി ശ്രമിക്കുന്നു. അധ്യാപിക ആവശ്യമെങ്കിൽ മതിയായ പിന്തുണ നൽകുന്നു. | ഡിസംബർ<br>ജനുവരി | കളർ എ4 പേപ്പർ,<br>നോട്ട്ബുക്ക്<br>ക്രയോൺ, സ്കെച്ച്<br>ചിത്രചാർട്ട് | അധ്യാപകർ<br>മാതാപിതാക്കൾ<br>കുട്ടികൾ |

| | | | |
|---|---|---|---|
| **സർഗാത്മക ഡയറി**<br>ഡയറി എഴുത്തിൽ ചിത്രം കുറച്ച് ശരിയായ വാക്യ ഘടന പാലിച്ച് ആശയചോർച്ചയില്ലാതെ മറ്റുള്ളവരുടെ കൈത്താങ്ങില്ലാതെ നാലോ അഞ്ചോ വാക്യത്തിൽ കുട്ടി സ്വയം ദൈനംദിന ജീവിതാനുഭവങ്ങൾ രേഖപ്പെടുത്തുന്നു. അധ്യാപിക ആ മൂല്യനിർണ്ണയം നടത്തുന്നു. ആവശ്യമെങ്കിൽ ടീച്ചേഴ്സ് വെർഷൻ നൽകുന്നു.<br>**ഭിന്നശേഷി പ്രവർത്തനം:-**<br>* ചിത്രങ്ങളിലൂടെ ജീവിതാനുഭവങ്ങൾ തിരിച്ചറിയാൻ ശ്രമിക്കുന്നു.<br>* സംയുക്ത സചിത്ര- സർഗാത്മക ഡയറി പ്രദർശനവും പ്രകാശനവും നടത്തുന്നു. (കുഞ്ഞെഴുത്ത്) | ഫെബ്രുവരി<br>മാർച്ച് | നോട്ട് ബുക്ക്<br>കളർ പെൻസിൽ<br>ചിത്രങ്ങൾ<br>ബുക്ക് ബൈൻഡിംഗ്<br>ഡി.റ്റി.പി<br>കളർ എ4<br>ചാർട്ട്<br>സ്കെച്ച് പെൻ<br>ക്രയോൺസ് | അധ്യാപകർ<br>മാതാപിതാക്കൾ<br>കുട്ടികൾ<br>PTA<br>CPTA<br>അധ്യാപിക<br>മാതാപിതാക്കൾ<br>കുട്ടികൾ |

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ മെച്ചപ്പെടുന്നു. എളുപ്പവുമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിയ്ക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും താളത്തിലും ഭാവത്തിലും ഒറ്റക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യം**

* താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മമായി അവതരിപ്പിക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വാദിക്കുകയും ഒറ്റക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.
* ഈണം, താളം, ഭാവം, ആശയം എന്നിവ വായിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

* പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റീസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)

* ക്ലാസ് പി.റ്റി.എ യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സന്റെയും പിന്തുണ ഉറപ്പു വരുത്തുന്നു.

* പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമാണം, കുട്ടികളെ കൂടി പങ്കാളിയാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാംഭാഗം)

* കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പ് വരുത്തുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

* കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2025 മെയ്)

* വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്രബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2025 ജൂൺ 10)

* ഏകദിന രക്ഷകർതൃ ശില്പശാല- സചിത്ര പാഠങ്ങൾ, പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2025 ജൂൺ 15)

* സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാമാസവും)

* രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2025 ആഗസ്റ്റ്, 2024 ഡിസംബർ)

* സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

# സചിത്ര പുസ്തകം

2024 – 2025 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിന പ്രവർത്തനങ്ങളിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായ കമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കു ന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ട തുണ്ട്.

**ലക്ഷ്യ പ്രസ്താവനകൾ**

* രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപ ത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
* എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാ ക്കുന്നു.
* കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
* പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ
* തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കാൻ വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാ കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രുവരി വരെ)
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**ചുമതല**

* Class Teacher, PTA, പ്രഥമാധ്യാപകൻ

**സാമ്പത്തികം**

* SSK, PTA

# ക്ലാസ് -II

## ആമുഖം

2025-26 അധ്യയന വർഷം രണ്ടാം ക്ലാസിൽ 17 കുട്ടികളാണ് **എ** ഡിവിഷനിൽ പഠിക്കുന്നത്. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത മായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്ക രിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാ ക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിന് വേണ്ടിയാണ്.

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം**

* ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാല സാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
* രക്ഷിതാക്കളുടെ സഹായത്തോടു കൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വാതന്ത്ര രചയിതാക്കൾ ആവു കയും ചെയ്യും.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്രസർഗാ ത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമ്മാണ പ്രക്രിയയിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
* സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതി വിശദീകരിക്കുന്നു.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീക രണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കൽ

* ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നും മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതി നിലവിൽ വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയ ങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ സഹായിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തന ത്തിലും തൽപരരയി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തനലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യാ കളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ.
- സംഖ്യബോധവും, ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്ന തിന്
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു (100-ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തി ച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതി യിൽ പ്രയോജനപ്പെടുന്നവർ.

# മലയാളം

**ലക്ഷ്യം**

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏൽപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

**മുന്നൊരുക്കം**

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

| മലയാളം | | | | |
|---|---|---|---|---|
| **മേഖല** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| വായന | ചിത്രകാർഡ് നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)<br>• ഭാഷണത്തിന് ക്ലാസിൽ അവസര മൊരുക്കൽ<br>• വായനാസാമഗ്രികൾ നിർമ്മിക്കൽ<br>• വായനയും എഴുത്തും വികസിപ്പി ക്കുന്നതിനുള്ള തന്ത്രങ്ങൾ വികസി പ്പിക്കൽ | ജൂൺ | അധ്യാപിക | |
| വായന | • ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.റ്റി സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനുെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജമാക്കുന്നു | ജൂലൈ | അധ്യാപിക<br>രക്ഷകർത്താക്കൾ | |

| | | | | |
|---|---|---|---|---|
| വായന,<br>വിവിധ<br>വ്യവഹാര രൂപങ്ങൾ<br>തയ്യാറാക്കൽ | • ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പ് വരുത്തൽ<br>• വീട്ട് ലൈബ്രറി ഒരുക്കൽ<br>• ചിത്ര വിവരണം<br>• വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ് | അധ്യാപിക<br>രക്ഷകർത്താക്കൾ | |
| സംഭാഷണം<br>നാടകം | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ചു കഥയിൽ നിന്ന് സംഭാഷണമൊരുക്കൽ<br>• വായിച്ച കഥയിൽ നിന്ന് ചോദ്യ നിർമ്മാണം<br>• വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | സെപ്റ്റംബർ | അധ്യാപിക | |
| വായന ലേഖനം | • കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി | | | |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>• വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ വേണ്ടുന്ന മുൻഗണന നൽകുന്നു<br>ഉദാ: ആന, വലിയ ആന, കറുത്ത വലിയ ആന | ഒക്ടോബർ | അധ്യാപിക | |
| സർഗാത്മക രചന | • കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. | നവംബർ | അധ്യാപിക | |
| ലേഖനം കവിതാപൂരണം | • ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• ലഘുവിവരണങ്ങൾ വായിക്കാനും, പ്രത്യേകതകൾ എഴുതാനും അവസരമൊരുക്കുന്നു.<br>• ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാനുള്ള അവസരം ഒരുക്കുന്നു. വരികൾ കൂട്ടിചേർത്ത് പാടാൻ അവസരം ഒരുക്കുന്നു. | ഡിസംബർ<br>ജനുവരി | അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഭാഷണം<br>ലേഖനം<br>എഴുത്ത് | • എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)<br>• കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ജനുവരി | അധ്യാപിക | |
| ലേഖനം<br>സർഗാത്മക രചന<br>ലൈബ്രറി<br>ശാക്തീകരണം | • വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>• ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കുന്നു.<br>• ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ<br>• വീട്ടു വായന, കൂട്ടുവായന, നാട്ടു വായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>• ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശാക്തീകരണം | മാർച്ച് | അധ്യാപിക<br>രക്ഷകർത്താക്കൾ | |

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ട് കൊണ്ടാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗസ ഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തൽപരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## ലക്ഷ്യങ്ങൾ

- 100 വരെയുള്ള സംഖ്യാബോധം, വ്യാഖ്യാനം, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയം ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു.
- സംഖ്യാബോധവും, ക്രിയാശേഷിയും നേടിയെടുക്കുന്നതിന്.
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരത്തിൽ എത്തിച്ചേരാനാകും എന്ന് മനസിലാക്കുന്നു.
- പ്രശ്നാപഗ്രഥനം - പ്രായോഗിക ഗണിത പ്രശ്നം പരിഹരിക്കുന്നു.

| ഗണിതം | | | | |
|---|---|---|---|---|
| **മേഖല** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| സംഖ്യാബോധം | • 1,2,3,4................<br>• 1,3,5,7,.....................<br>• 10,20,30,40, .........................<br>• 5,10,15,20...................................<br>• 2,4,6,8.....................തുടങ്ങിയ പാറ്റേൺകളിലെ സംഖ്യാബോധം കണ്ടെത്തുന്നതിന്<br>• ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടുടുത്ത സംഖ്യയും 1 കുറയ്ക്കുമ്പോൾ തൊട്ടടുത്ത സംഖ്യയും കിട്ടുന്നു എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ജൂൺ | അധ്യാപിക | |
| ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണം എഴുതുന്നു. (100-ൽ താഴെ) ഗണിത കിറ്റ് ഉപയോഗിച്ച് ആശയം ഉറപ്പിക്കൽ | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>• ഗണിതകിറ്റ് എല്ലാവരിലും ഉറപ്പാക്കൽ | ജൂലൈ | അധ്യാപിക | |

| | | | | |
|---|---|---|---|---|
| | • പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ (5+5 =10, 10+10=20) | | | |
| സംഖ്യാ പാറ്റേൺ | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>• 99നോട് 1കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർത്താണ് 100<br>• ഓരോ സംഖ്യകളുടെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | ആഗസ്റ്റ് | അധ്യാപിക | |
| ഗണിതകിറ്റ് ഉപയോഗം പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | • ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>• വില വിവരപ്പട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരു കട, സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ വിശദീകരിക്കുന്നു. | സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| പ്രായോഗിക പ്രശ്ന ങ്ങൾ നിർധാരണം ചെയ്യൽ<br>സംഖ്യാ പാറ്റേൺ | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെ ടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹ രിക്കൽ<br>• സംഖ്യാ പാറ്റേൺ രൂപീകരിക്കൽ | ഒക്ടോബർ | അധ്യാപിക | |
| സ്ഥാനവില തിരിച്ചറി യൽ<br>പ്രശ്നാപഗ്രഥനം | • സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>• പ്രായോഗിക പ്രശ്ന പരിഹാരത്തി നായ് കളിനോട്ട്, പേപ്പർ മുഖേന പെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ<br>• ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിൽ കൂട്ടിച്ചേർന്ന് സംഖ്യ രൂപീകരിക്കൽ, 10 രൂപ + 5 രൂപ = 15 രൂപ നോട്ട്, നാണയം | നവംബർ | അധ്യാപിക<br>രക്ഷകർത്താക്കൾ | |

| | | | | |
|---|---|---|---|---|
| സംഖ്യാബോധം സ്ഥാനവില തിരിച്ചറിയൽ | • സംഖ്യാബോധം തിരിച്ചറിയൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ<br>• സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)<br>• രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ഡിസംബർ | അധ്യാപിക രക്ഷകർത്താക്കൾ | |
| പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു | • വില വിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജനുവരി | അധ്യാപിക രക്ഷകർത്താക്കൾ | |
| ഉല്ലാസഗണിതം ഉപയോഗിച്ച് കളി രീതിയിൽ ഗണിതപഠനം | • ഗണിതം ആസ്വാദ്യകരമാക്കൽ<br>• ഇടവേളകളിൽ ഗണിതാലാപനം നടത്തൽ | ജനുവരി | അധ്യാപിക രക്ഷകർത്താക്കൾ | |

| | | | | |
|---|---|---|---|---|
| | • ഉല്ലാസഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ | | | |
| കലണ്ടർ ഗണിതം | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്<br>• മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തി നേടുക. | ജനുവരി | അധ്യാപിക രക്ഷകർത്താക്കൾ | |

# ENGLISH

AIM

To speak, read and write English without hesitation and mistakes.

| Area | Activities | Period | Person in Incharge |
|---|---|---|---|
| Listening skills | Games, action songs, Hello English activities, connection skit, stories use ICT | June July & August | Teacher & Parents |
| Speaking skills | Description, growing sentences, picture reading, picture description, self introduction, assembly activities –speech, book review, quiz, riddles, self introduction, school radio | | |
| Writing skills | Make word web, picture description, word chain sentences chain, make words and sentences make riddles, conversation, add more lines, develop stroy, description notice, proclemetion, diary letter announcement margazines | July & August | Teacher & Parents |

| പരിസരപഠനം | | | |
|---|---|---|---|
| **പ്രവർത്തനലക്ഷ്യങ്ങൾ** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
| * ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു<br>* ഈ പ്രത്യേകതക്കനുസരിച്ച് സസ്യങ്ങളെ നിരീക്ഷിക്കുന്നു. പട്ടികപ്പെടുത്തുന്നു | • ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ, എല്ലാ കുട്ടികൾക്കും ഓരോ വൃക്ഷത്തൈകൾ വീതരണം ചെയ്യുന്നു.<br>• വളരുന്ന മരം<br>• നല്ല നാളേക്ക് വേണ്ടി ICT ഏറ്റ് ചൊല്ലുന്നു.<br>• പ്രകൃതി നടത്തം, സസ്യങ്ങൾ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. മരം വയ്ക്കുന്നു<br>• ICT ഉപയോഗിച്ച് നിറം നൽകുന്നു. കൂടുതൽ സസ്യങ്ങളെ കണ്ടെത്തുന്നു | ജൂൺ | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ<br>എസ്.ആർ.സി കൺവീനർ |
| | • വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസിൽ കൊണ്ട് വരുന്നു. അവയുടെ പേരുകൾ തിരിച്ചറിയുന്നു. ഇലകളുടെ പ്രത്യേകതകൾ (ആകൃതി, നിറം, മണം, വലിപ്പം) | ജൂലൈ | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |

| | | | |
|---|---|---|---|
| | • ഇലകളെ തരംതിരിക്കുന്നു<br>• ടീച്ചർ ചില ഇലകൾ ഞെരടി കുട്ടികളെ മണപ്പിക്കുന്നു. ഊഹിച്ച് കണ്ടെത്തുന്നു. ഇലയുടെ ഉപയോഗങ്ങൾ കണ്ടെത്തുന്നു<br>• ഇലയും ഉപയോഗങ്ങളും പട്ടിക പൂർത്തിയാക്കുന്നു<br>• ഇല ആൽബം, ഇല പ്രിന്റ് പൂർത്തിയാക്കുന്നു | ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |
| | • ടീച്ചർ ഒരു ചെടി പിഴുത് ക്ലാസിൽ കൊണ്ട് വരുന്നു. ചെടി വരയ്ക്കുന്നു. ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു. (ICT) | സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |
| | വിത്ത് മുളപ്പിക്കൽ പരീക്ഷണം നിരീക്ഷിച്ച് ഓരോ ദിവസത്തെയും മാറ്റങ്ങൾ രേഖപ്പെടുത്തുന്നു. വിത്ത് മുളക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു | ഒക്ടോബർ | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |
| | കവിത അവതരിപ്പിക്കുന്നു<br>ജലസസ്യങ്ങളെ പരിചയപ്പെടുത്തുന്നു.<br>നോട്ട് ബുക്കിൽ രേഖപ്പെടുത്തുന്നു | നവംബർ | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |

| | | | |
|---|---|---|---|
| | **സ്കൂളിൽ ഒരു സസ്യഉദ്യാനം**<br>കുട്ടികൾ വിവിധ നടീൽ വസ്തുക്കൾ കൊണ്ട് വരുന്നു. നടുന്ന ഭാഗങ്ങൾ പരി ചയപ്പെടുത്തുന്നു. നടാൻ ഉപയോഗി ക്കുന്ന ഭാഗങ്ങൾക്കനുസരിച്ച് സസ്യ ങ്ങളെ തരം തിരിയ്ക്കുന്നു. പട്ടികപ്പെടു ത്തുന്നു | | |
| | സസ്യങ്ങളുടെ പേര് നൽകി കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പും അവര വർക്ക് ലഭിച്ച സസ്യങ്ങളെ കുറിച്ച് പറ യുന്നു. ലഘു കുറിപ്പുകൾ തയ്യാറാക്കു ന്നു. അവതരിപ്പിക്കുന്നു. പതിപ്പിന് ആവ ശ്യമായ ചിത്രങ്ങളും കവിതകളും ഓരോ ഗ്രൂപ്പുകാരും കണ്ടെത്തുന്നു. പതിപ്പ് തയ്യാറാക്കുന്നു | ജനുവരി | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |
| | CPTA<br>മാസ്റ്റർപ്ലാൻ അവലോകനം | ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>സയൻസ് ടീച്ചർ |

# ക്ലാസ് - III
# മലയാളം

**ലക്ഷ്യം**

വായന, എഴുത്ത് എന്നിവ അടിസ്ഥാന ശേഷികൾ മുഴുവൻ കുട്ടികളും ആർജിക്കുകയും സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ഭാഷാപരമായ പഠനവിടവ് | ചിത്രവായന നടത്തുന്നു വാക്കുക കൾ എഴുതിക്കുന്നു. വായനാ കാർഡ് തയ്യാറാക്കി പിന്നോക്ക ക്കാർക്ക് പ്രയോജപ്പെടുത്തുന്നു | ജൂൺ രണ്ടാഴ്ച | അധ്യാപിക | | അവസ്ഥാ പഠനം |
| വായന | • നിലവാരത്തിനനുയോജ്യമായ പുസ്തകങ്ങളും വായനാ കാർഡുകളും നൽകാനും രക്ഷ കർത്താക്ക ളുടെ സഹായം ഉറ പ്പിക്കുന്നു.<br>• ഗ്രൂപ്പ് പ്രവർത്തനം - വായ | ജൂലൈ -15 | അധ്യാപിക രക്ഷകർത്താ ക്കൾ | സ്കൂൾ ലൈബ്രറി പ്രയോജനപ്പെ ടുത്തുന്നു | |

| | | | | | |
|---|---|---|---|---|---|
| | നയ്ക്ക് നൽകുന്നു<br>• മിക്സഡ് ഗ്രൂപ്പിൽ പരസ്പരം സഹായിക്കുന്നു | ആഗസ്റ്റ് 15 | അധ്യാപിക<br>കുട്ടികൾ | | |
| ലേഖനം | തീം നൽകി വിവരണം തയ്യാറാക്കുന്നു<br>ഉദാ:- മഴ, പൂന്തോട്ടം, പൂമ്പാറ്റ<br>ചിത്രം വരയ്ക്കുന്നു-<br>പൂക്കൾ, പൂമ്പാറ്റ, മരം നിർമ്മാണ പ്രവർത്തനങ്ങൾ | സെപ്റ്റംബർ | അധ്യാപിക<br>രക്ഷിതാവ് | | |
| സർഗ്ഗാത്മക രചന | ചിത്രം നൽകി ചോദ്യങ്ങൾ ഉണ്ടാക്കുന്നു.<br>ഉദാ:- കിളി, നിന്റെ പേരെന്ത്?<br>നീ എന്ത് കഴിയ്ക്കും?<br>വ്യക്തിഗത വായനയ്ക്കയി പുസ്തകം നൽകി വിലയിരുത്തുന്നു<br>വരികൾ കൂട്ടി ചേർക്കൽ. ടീച്ചർ രണ്ട് വരി നൽകുന്നു. കുട്ടികൾ | ഒക്ടോബർ 15<br>ഒക്ടോബർ 30<br>നവംബർ ഒരു മാസം | അധ്യാപിക<br>അധ്യാപിക<br>അധ്യാപിക | | |

| | | | | | |
|---|---|---|---|---|---|
| | അനുയോജ്യമായ വരികൾ ചേർത്തെഴുതുന്നു. തുടർന്ന് ഒരു തീമിന് അനുയോജ്യമായി ഓരോരുത്തരും വരികൾ എഴുതി ക്ലാസ് പ്രോഡക്ട് രൂപീകരിക്കുന്നു.<br>**വായനാക്കുറിപ്പ്**<br>വായിച്ച  ഭാഗം വ്യത്യസ്ത രീതിയിൽ അവതരണം- ഉയർന്ന നിലവാരക്കാർക്ക്<br>പിന്നാക്കക്കാർ- ഇഷ്ടപ്പെട്ട ഭാഗം എഴുതുന്നു. പുസ്തകത്തിന്റെ പേര്, എഴുത്തുകാരൻ ഇവ രേഖപ്പെടുത്തുന്നു | ഡിസംബർ | അധ്യാപിക<br>രക്ഷിതാവ് | | |
| ലേഖനം | പാഠഭാഗത്തെ കവിതയുടെ ആശയം എഴുതുന്നു<br>ഡയറി തയ്യാറാക്കുന്നു<br>നിവേദനം തയ്യാറാക്കുന്നു | ജനുവരി<br>ഫെബ്രുവരി 15<br>ഫെബ്രുവരി<br>മാർച്ച് | അധ്യാപിക<br>അധ്യാപിക | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കനകച്ചിലങ്ക**<br>കുട്ടികൾ സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട മൂല്യങ്ങൾ സ്വാംശീകരിക്കുകയും അവ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുന്നതിന്<br>പാട്ട്, കവിത താളാത്മകമായി ചൊല്ലുന്നതിന്<br>കഥ,കടങ്കഥ, പഴഞ്ചൊല്ല് എന്നിവ ഉചിതമായ സന്ദർഭത്തിൽ പ്രയോഗിക്കുന്നു<br>രചനകൾ ഭാവാത്മകമായി വായിക്കുന്നു<br>ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതുന്നു (വിവരണം, സംഭാഷണം) | • നാടൻപാട്ട് ശേഖരണം - വായ്ത്താരിയോടെ<br>• പഴഞ്ചൊല്ല് ശേഖരണം<br>• ലൈബ്രറി പ്രയോജനപ്പെടുത്തി കഥാവായന<br>• കടങ്കഥകളുടെ ശേഖരണം<br>• തുള്ളൽക്കവിത താളമിട്ട് ഭാവത്തോടെ ചൊല്ലുന്നു<br>• അനുഭവ വിവരണം<br>• കലാരൂപങ്ങൾ അറിയുന്നു, കലാരൂപങ്ങളുടെ ചിത്രശേഖരണം<br>• കലയിലെ കേമൻ കലാകാരനെ പരിചയപ്പെടാം<br>• കലാവതരണത്തിന്റെ വിവരണം/ ഡയറി | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ<br>പി.റ്റി.എ | |

| | | | | |
|---|---|---|---|---|
| **<u>പലഹാരപ്പൊതി</u>**<br>സംഭാഷണം എഴുതി തയ്യാറാക്കൽ<br>പലഹാരങ്ങളെപ്പറ്റിയുള്ള പാട്ട് ശേഖരണം<br>പലഹാര മേള സംഘടിപ്പിക്കൽ | • ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ<br>• റോൾപ്ലേ അവതരണം<br>• ആഹാരവുമായി ബന്ധപ്പെട്ട പാട്ട് ശേഖരണം<br>• പലഹാരമേള സംഘടിപ്പിക്കുന്നു<br>• പാചകക്കുറിപ്പ് തയ്യാറാക്കുന്നു.<br>• അപ്പാണ്യം-കഥപൂർത്തിയാക്കൽ<br>• പോസ്റ്റർ - ശുചിത്വം, ഭക്ഷണം<br>• വന്യയുടെ ഡയറി<br>• കൃഷി ക്കുറിപ്പ് തയ്യാറാക്കൽ<br>• കത്ത് തയ്യാറാക്കൽ<br>• അഭിമുഖ ചോദ്യാവലി<br>• നാടൻപാട്ട് അവതരണം - CPTA | ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br><br>ആഗസ്റ്റ്<br>സെപ്റ്റംബർ | H M<br>SRG<br>Class Teacher<br>PTA<br><br>Class Teacher<br>PTA | |

| | | | | | |
|---|---|---|---|---|---|
| മനുഷ്യന്റെ കൈകൾ | കൃഷിപ്പാട്ട്, കൃഷിച്ചൊല്ല് അവതരണം<br>കളിഅനുഭവം - വിവരണം<br>അടുക്കള വാക്കുകൾ- വിവരണം<br>തൊഴിൽ വാക്കുകൾ - അക്ഷരമാലാ ക്രമത്തിൽ<br>മിണ്ടാപ്പണി- അംഗങ്ങളിലൂടെ മാത്രം നിർദ്ദേശം നൽകലും ജോലി നിർവ്വഹിക്കലും | ഒക്ടോബർ | Class Teacher<br>PTA | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിതപഠനം ഉല്ലാസപ്രദവും കൗതുകവും ആക്കുക<br>• 3 അക്ക സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക<br>• 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക എഴുതുക.<br>• മൂന്നക്ക സംഖ്യ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നം വിശകലനം ചെയ്ത് നിർധാരണം ചെയ്യുക<br>• നീളം അളക്കുന്ന ഏകകം, സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുക<br>• 9 വരെയുള്ള ഗുണന വസ്തുതകൾ കൈവരിക്കുക | **പ്രീടെസ്റ്റ് നടത്തുക**<br>• രണ്ടക്ക സംഖ്യാബോധം വിലയിരുത്തുന്നു<br>• സങ്കലന വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>**യൂണിറ്റ് രൂപങ്ങൾ വരയ്ക്കാം**<br>• ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു<br>• ചതുരം, വട്ടം, ത്രികോണം എന്നിവ തിരിച്ചറിയുന്നു<br>• തോണി, തോരണം നിർമ്മാണം<br>• ചതുരം, വട്ടം ത്രികോണം രൂപങ്ങൾ ചേർത്ത് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നു.<br>**സംഖ്യാമാല നിർമ്മാണം**<br>• കളിനോട്ട് പ്രയോജനപ്പെടുത്തൽ<br>• 3 അക്ക സംഖ്യകൾ സംഖ്യാബോധം ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ<br><br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| | • സംഖ്യാ സ്ട്രിപ്പ്സ്, അബാക്കസ് നിർമ്മാണം<br>• സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>• പട്ടിക പൂർത്തിയാക്കൽ<br>• വർക്ക് ഷീറ്റ്<br>• കളിനോട്ട് ഉപയോഗിച്ച് സംഖ്യാ വ്യാഖ്യാനം<br>• സ്കെയിൽ നിർമ്മാണം<br>• കുട്ടികളുടെ ഉയരം വണ്ണം കണ്ടെത്തൽ<br>• പ്രായോഗിക പ്രശ്നങ്ങളുടെ നിർമ്മാണം<br>• ഗുണന വസ്തുത- കാർഡ് നിർമ്മാണം<br>• ആവർത്തന സങ്കലനം ഗുണന വസ്തുത ഉറപ്പിക്കൽ<br>• പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു<br>• നിർദ്ധാരണം ചെയ്യുന്നു | ഒക്ടോബർ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാട് നിരീക്ഷിച്ചും ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ടും പരിസര പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നു | • സ്കൂൾ പരിസരത്തെ മരങ്ങൾ നിരീക്ഷിച്ച് പേര് കണ്ടെത്തുന്നു<br>• തടിയുടെ വ്യത്യാസം തിരിച്ചറിയാനായി ക്രയോൺ ഉപയോഗിച്ച് സ്കെച്ച് എടുക്കുന്നു.<br>• സ്കൂൾ വളപ്പിലെ ഇലകൾ ശേഖരിച്ച് ലീഫ് ആൽബം തയ്യാറാക്കുന്നു.<br>• Herbs, Shurbs, Trees, Climbers എന്നിവ നിരീക്ഷിച്ച് മനസ്സിലാക്കുന്നു. | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ | |
| | • ജീവികളെ നിരീക്ഷിക്കുന്നു<br>• വളർത്തു മൃഗങ്ങൾ - വന്യജീവികൾ അവയുടെ ആഹാരരീതി, സഞ്ചാരരീതി, എന്നിവ തിരിച്ചറിയുന്നു<br>• ആഹാര രീതിയ്ക്കനുസരിച്ച് ജീവികളെ തരം തിരിക്കുന്നു. | ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | • സ്കൂളിലെ വ്യത്യസ്ത ഇടങ്ങളിലെ മണ്ണ് നിരീക്ഷണം<br>• ജലവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>• ജലത്തിന്റെ ആകൃതി, അളവ് ഓരോ പാത്രത്തിലും എത്ര എന്ന് ഊഹിച്ച് പറയുന്നു<br>• പാഴാക്കുന്ന ജലത്തിന്റെ അളവ് കണ്ടെത്തുന്നു<br>• ജലസ്രോതസ്സുകൾ തിരിച്ചറിയുന്നു<br>• ജലം അമൂല്യമാണെന്ന നിഗമനത്തിൽ എത്തുന്നു | ആഗസ്റ്റ്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>പി.റ്റി.എ | |
| , | • സ്കൂളിലെ മാലിന്യം - ബയോഗ്യാസ് സന്ദർശനം വിശദീകരിക്കൽ<br>• ശുചിത്വശീലങ്ങൾ അറിയുന്നു<br>• പോസ്റ്റർ തയ്യാറാക്കൽ<br>• ശുചിത്വവും - ആരോഗ്യവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു<br>• രോഗങ്ങൾ പരത്തുന്നതും പരിഹാരവും എന്തെല്ലാമാണെന്ന് കണ്ടെത്തുന്നു.<br>• ഡ്രൈ ഡേ പ്രാധാന്യം തിരിച്ചറിയുന്നു | സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ | |

ക്ലാസ് – IV

# ആമുഖം

2025 – 26 അധ്യയന വർഷത്തിൽ 4–ാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷാ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന പദ്ധതി രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന വിധമാണ് രൂപകല്പന ചെയ്തിട്ടുള്ളത്.

| മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| 1. **മധുര മലയാളം**<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രി ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ<br>പി.റ്റി.എ | |
| 2. **വായിക്കാം വളരാം** | • വായനാ കാർഡ്, ചെറുകഥകൾ പത്രം എന്നിവ പ്രയോജനപ്പെടുത്തി ക്ലാസ് വായനക്കൂട്ടം സൃഷ്ടിക്കൽ<br>• ക്ലാസ് ലൈബ്രറി ചിട്ടപ്പെടുത്തൽ പുസ്തക പരിചയം | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>PTA | |
| 3. **എഴുതാം തെളിയാം**<br>എഴുത്ത് പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ പ്രയോജനപ്പെടുത്തൽ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട സർഗ്ഗാത്മക പ്രവർത്തനമാണ് കാവ്യാവിഷ്ക്കാരം. നൃത്തം, താളം ഭാവാഭിനയം, ആലാപനം ആഖ്യാനം ഇവ ഉൾപ്പെടുത്തി പാഠഭാഗത്തെ കാവ്യാവിഷ്ക്കാരം നടത്തുക. | വർഷം മുഴുവൻ പാഠഭാഗങ്ങളുടെ ആവശ്യാനുസരണം | HM<br>SRG<br>Class Teacher<br>PTA | PTA |

| | | | | |
|---|---|---|---|---|
| 4. **അറിവ് ICT -യിലൂടെ** | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ (ആവശ്യാനുസരണം) | Class Teacher | |
| 5. **ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാർ** | **ഓർമ്മദിനങ്ങൾ**<br>• ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക പരിചയം<br>• ക്വിസ്<br>• ജീവിതരേഖ തയ്യാറാക്കൽ<br>• പതിപ്പ് നിർമ്മാണം | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA |
| 6. **സർഗ്ഗോത്സവനം/ കാവ്യോത്സവം**<br>**ഭാഷാ പഠനത്തിന്റെ ഭാഗമായി ആർജ്ജിച്ച ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ** | വിവിധ സർഗ്ഗശേഷികളുടെ അവതരണം-വ്യക്തിഗതമായും ഗ്രൂപ്പായും അവതരിപ്പിക്കുന്നു. തയ്യാറാക്കിയ ഉല്പന്നങ്ങളുടെ പ്രദർശനം | ഓരോ ടേമിലും | HM<br>SRG<br>Class Teacher<br>PTA | PTA |

| ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| 1. **ഇംഗ്ലീഷ് കോർണർ**<br>കുട്ടികൾക്ക് വായന യോട് താല്പര്യം ജനി പ്പിക്കുക | • കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന മൂല ക്രമീകരിക്കൽ<br>• വായനാവേള ഒരുക്കുന്നു<br>• എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനാ യാസം വായിക്കാൻ വേണ്ടി രണ്ടാഴ്ച യിൽ ഒരിക്കൽ ഇംഗ്ലീഷ് പത്രം- വായ നയ്ക്ക് അവസരം | ജൂൺ<br><br>രണ്ടാഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് മാഗസിൻ** | • കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് മാഗസിൻ / സ്ട്രോംഗ് ബുക്ക് തയ്യാറാക്കൽ | 3 മാസത്തിൽ ഒരിക്കൽ | HM<br>Class Teacher<br>PTA | PTA |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>ഇംഗ്ലീഷ് നന്നായി പറയു വാനും എഴുതുന്നതിനും കഴിയുന്ന നിലവാര ത്തിൽ എത്തിക്കുക | • വായനാ മത്സരം<br>• രചനാ മത്സരം<br>• മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിൽ ഒരു പ്രാവശ്യം | HM<br>SRG<br>Class Teacher<br>PTA | PTA |

| ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളെ അറിയാം | • ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>• ഓരോരുത്തരും ഏത് മേഖലയിലാണ് പ്രയാസം നേരിടുന്നത് എന്ന് കണ്ടെത്തുന്നു<br>• ലഘു നിർദ്ധാരണശേഷിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | SRG<br>Class Teacher | |
| കുട്ടി പീടിക | • ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്ന നിരവധി സന്ദർഭങ്ങൾ കുട്ടികൾക്ക് കാണുവാനും കേൾക്കുവാനും മനസിലാക്കുവാനും അവസരം നൽകുന്നു.<br>• ഗണിതപാട്ടുകൾ, കളികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. | ജൂൺ<br>ജൂലൈ | HM<br>Class Teacher<br>PTA | |

| | | | | |
|---|---|---|---|---|
| പഠനോപകരണ ശില്പ ശാല | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപക രണങ്ങളുടെ നിർമ്മാണം | ആവശ്യാനുസ രണം | HM<br>SRG<br>Class Teacher<br>PTA | PTA |
| ഗണിത പ്രതിഭകളെ കണ്ടെത്തൽ | • ഗണിത ക്വിസ് സംഘടിപ്പിക്കുന്നു | ആഗസ്റ്റ് / സെപ്റ്റംബർ | HM<br>SRG<br>Class Teacher<br>PTA | PTA |
| രൂപങ്ങൾ ചേർക്കാം | • ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം തയ്യാറാക്കൽ<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്റ്റംബർ/ ഒക്ടോബർ | HM<br>SRG<br>Class Teacher<br>PTA | |
| പഠനമികവ് പ്രദർശനം ഗണിതമേള | • പാഠഭാഗങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ജ്യാമിതീയ രൂപങ്ങൾ ചിത്രങ്ങൾ, ആൽബം ഇവയുടെ പ്രദർശനം | ഡിസംബർ / ജനുവരി | HM<br>SRG<br>Class Teacher<br>PTA | |

| പരിസരപഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ശാസ്ത്രപഠനം ലളിതവും രസകരവുമാകൽ | • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>• ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ എന്നിവയുടെ പ്രദർശനം/ അവതരണം | വർഷം മുഴുവൻ ആവശ്യാനുസരണം | HM<br>SRG<br>Class Teacher<br>PTA | |
| ഭൂപടമൊരുക്കാം<br>കേരളം, ഇന്ത്യ<br>സൂചിക പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട നിർമ്മാണം<br>• സൂചിക പരിചയപ്പെടൽ | വർഷത്തിൽ ഒരിക്കൽ | HM<br>SRG<br>Class Teacher | |
| ശാസ്ത്രോത്സവം | • പതിപ്പിച്ച ആൽബം ചാർട്ട്, പഠനോപകരണങ്ങൾ, ലഘു പരീക്ഷണങ്ങൾ ഇവയുടെ പ്രദർശനം, അവതരണം | ഡിസംബർ ജനുവരി | HM<br>SRG<br>Class Teacher<br>PTA | |

# യു.പി. തലം

## മലയാളം

**ലക്ഷ്യം : വായന, എഴുത്ത് എന്നീ കഴിവുകൾ മെച്ചപ്പെടുത്തുക. സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഏറ്റെടുക്കുക**

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പഠന വിടവ് | കഥാബുക്കുകൾ, വായനക്കാർഡ് ഇവ നൽകി വായനശേഷി വിലയിരുത്തുന്നു. കുട്ടികളുടെ സഹകരണത്തോടെ അനുയോജ്യമായ പുസ്തകങ്ങൾ (നിലവാരത്തിന് യോജിച്ച) ഉപയോഗിച്ച് ക്ലാസ് ലൈബ്രറി സജ്ജീകരണം വായനദിനത്തോടനുബന്ധിച്ച് സ്കൂൾ ലൈബ്രറിയിൽ നിന്ന് കൂടുതൽ പുസ്തകങ്ങൾ എടുത്ത് ലൈബ്രറി റെക്കോഡിൽ രേഖപ്പെടുത്തിയ ശേഷം കുട്ടികൾക്ക് വീട്ടിൽ പോയി വായിക്കാൻ അവസരം നൽകുന്നു. വായനക്കുറിപ്പ് തയ്യാറാക്കൽ പതിവാക്കുന്നു. (പുസ്തക ദിനാചരണം ജൂൺ 19) | ജൂൺ<br>ജൂലൈ | ക്ലാസ് അധ്യാപകർ | |
| വായന | ചിത്ര വായന, വാക്കുകൾ എഴുതാം, വായനക്കാർഡ് പിന്നോക്കകാർക്കും നൽകുന്നു. CWSN കുട്ടികൾക്കായി ചിത്രങ്ങൾ കൂടുതൽ ഉള്ള കാർഡുകൾ പുസ്തകങ്ങൾ ഇവ ഉൾപ്പെടുത്തുന്നു. രക്ഷിതാക്കളുടെ സഹകരണം വായനയിൽ ഉറപ്പാക്കുന്നു | ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വായന മെച്ചപ്പെടു ത്തൽ | വായനക്കുറിപ്പ് തയ്യാറാക്കൽ. വായനക്കുറിപ്പിന്റെ പതിപ്പ് തയ്യാറാക്കൽ, പതിപ്പ് പ്രകാശനം (PTA) | | | |
| വിലയിരുത്തൽ | കുട്ടികൾ വായിച്ച പുസ്തകം ECA (ബാലസഭ) യിൽ പരിചയപ്പെടുത്തുന്നു. വായിച്ച പുസ്തകങ്ങ ളുടെ കഥ പറയാൻ അവസരം നൽകുന്നു. വായിച്ച കഥ, കവിത ഇവ മറ്റു വ്യവഹാരരൂപങ്ങളി ലൂടെ അവതരിപ്പിക്കാൻ മികച്ച വായനക്കുറിപ്പ് അവതരണം. ക്ലാസ് കുട്ടികളുടെ നിലവാരം ഇവ പരിഗണിച്ച് സർഗ്ഗാത്മക സൃഷ്ടികൾക്ക് സമ്മാനം നൽകുന്നു. തുടർവായന ഉറപ്പു വരുത്തുന്നു. പുസ്തക ചർച്ച, വായന അനുഭവം പങ്കുവയ്ക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് അധ്യാപകർ<br>ഭാഷാ അധ്യാപകർ | |
| ലേഖനം | പദകേളിയിലൂടെയും വായനയിലൂടെയും പദസ മ്പത്ത് വർദ്ധിപ്പിക്കുന്നു. | | | |
| ഭാഷാപരമായ വിടവ് പരിഹരി ക്കൽ | പദസമ്പത്ത് വർദ്ധിപ്പിക്കുന്നു. സമാനപദങ്ങൾ കണ്ടെത്തൽ, പദച്ചേർച്ചകൾ, പിരിച്ചെഴുതൽ, വിഗ്ര ഹാർത്ഥം, ഇവയൊക്കെ ഉൾപ്പെടുത്തൽ. പദങ്ങൾ, വാക്യങ്ങൾ ചേർത്ത് കഥകൾ, കുറിപ്പുകൾ ഇവ തയ്യാറാക്കുന്നു. തയ്യാറാക്കിയവ മെച്ചപ്പെടു ത്തുന്നു. ഡയറി എഴുത്ത് പ്രോത്സാഹിപ്പിക്കുന്നു. മെച്ചപ്പെട്ടത് അസംബ്ലി, സി.പി.റ്റി.എ, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ഭാഷാ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മക രചന | ദിനാചരണവുമായി ബന്ധപ്പെട്ട ആശംസാ കാർഡ് നിർമ്മാണം, കവിതകൾ, കഥകൾ, കടങ്കഥകൾ, ചൊല്ലുകൾ ശേഖരിക്കൽ, പതിപ്പ് നിർമ്മാണം | | | |
| സർഗ്ഗാത്മക രചന | മഹത് വ്യക്തികളുടെ കുറിപ്പ് തയ്യാറാക്കൽ. കവിതകളുടെ ജീവചരിത്ര ക്കുറിപ്പ് തയ്യാറാക്കൽ അവതരിപ്പിക്കൽ (കവി പരിചയം)<br>കൈയ്യെഴുത്തു മാസിക- കുട്ടികളുടെ 70 സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂളിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്യുന്നു. എൽ.പി/ യു.പി ക്ലാസിലെ കുട്ടികളുടെ കഥ/കവിത സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. ഫെബ്രുവരി 21 ലോകമാതൃഭാഷാദിനത്തോടനുബന്ധിച്ച് മാഗസിൻ പ്രകാശന കർമ്മം നടത്തുന്നു | ജനുവരി ഫെബ്രുവരി | ഭാഷാ അധ്യാപകർ | |

# യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രദ്ധിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | • ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br>• ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു<br>• ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br>• ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ്ബ് |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | • പാഠഭാഗത്തു നിന്നും തിരഞ്ഞെടുത്ത പ്രയാസമുള്ള വാക്കുകൾ സ്വന്തമായി ഡിക്ഷണറി ഉണ്ടാക്കി അതിൽ എഴുതി വയ്ക്കുന്നു. ഗ്രൂപ്പുകളായി തിരിഞ്ഞ് പോയിന്റ് അടിസ്ഥാനത്തിൽ കുട്ടികൾ പരസ്പരം വാക്കുകളുടെ അർത്ഥം ചോദിക്കുന്നു. പറഞ്ഞില്ലെങ്കിൽ പോയിന്റ് നഷ്ടപ്പെടുന്നു.<br>• റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള | ഒക്ടോബർ<br>നവംബർ | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു.<br>• ഇംഗ്ലീഷ് പത്രം വായിക്കുവാൻ അവസരം നൽകുന്നു. | ക്ലാസ് അസംബ്ലി | ഇംഗ്ലീഷ് ടീച്ചർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | • ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br>• പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ തയ്യാറാക്കുന്നു | ഡിസംബർ<br>ജനുവരി | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | • കുട്ടികളുടെ വൈവിദ്ധ്യമാർന്ന പരിപാടികൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു | ഫെബ്രുവരി | ടീച്ചർ<br>പി.റ്റി.എ ഭാരവാഹികൾ<br>രക്ഷിതാക്കൾ | |

# യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന : തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | | | |
| ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസ്സിൽ കൊണ്ടുവരും.<br>വായനയ്ക്ക് : ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. റീഡറി ഫൈറ്റ്, മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# യു.പി സംസ്കൃതം

**ആമുഖം**

ഒന്നാം ക്ലാസ് മുതൽ കുട്ടികൾക്ക് സംസ്കൃത പഠനത്തിനുള്ള അവസരം ലഭ്യമാകുന്നു. സംസ്കൃത ഭാഷ പഠനം, മലയാള ഭാഷാപഠനത്തിന് പഠനപ്രവർത്തനങ്ങൾക്ക് സഹായമാകുകയും കുട്ടികളുടെ ഭാഷാപഠന ശേഷി കൂടുതൽ വികസിപ്പിക്കുകയും ചെയ്യുന്നു.

**ലക്ഷ്യങ്ങൾ**

- സംസ്കൃതഭാഷ നൈപുണികൾ നേടുക
- ഭാരതീയ സംസ്കാരത്തെക്കുറിച്ചും പൈതൃകത്തെക്കുറിച്ചും അവബോധമുണ്ടാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അക്ഷരജ്ഞാനം, അക്ഷര ശുദ്ധി എന്നിവയിലൂടെ സംസ്കൃത ഭാഷയെ അറിയുക, സ്നേഹിക്കുക | ഭാഷാപരമായ പൂർവ്വജ്ഞാനം പരിശോധിക്കൽ<br>വിടവുകൾ നികത്തുന്നതിന് അക്ഷരങ്ങളും സ്വരചിഹ്നങ്ങളും ഉറപ്പിക്കൽ, സംസ്കൃത പദങ്ങൾ നിത്യജീവിതത്തിലും മലയാളത്തിലും ഉപയോഗിക്കുന്നവ പരിചയപ്പെടൽ. ദിനാചരണ പോസ്റ്ററുകൾ നിർമ്മിക്കൽ | ജൂൺ | അക്ഷര ചാർട്ട്<br>പാഠ പുസ്തകം<br>ഐ.സി.റ്റി | അധ്യാപിക<br>പി.റ്റി.എ |

| | | | | |
|---|---|---|---|---|
| സംസ്കൃത ക്ലബ്ബ് രൂപീകരണം | സംസ്കൃത ക്ലബ്ബ് രൂപീകരിക്കൽ<br>സംസ്കൃത അസംബ്ലി - സംസ്കൃതം പഠിക്കുന്ന കുട്ടികൾ അവതരിപ്പിക്കുന്നു | ജൂലൈ | | സംസ്കൃത സമാജം |
| സംസ്കൃത ദിനാചരണവുമായി ബന്ധപ്പെട്ട മത്സരങ്ങളിലേയ്ക്കുള്ള തയ്യാറെടുപ്പ് | സംസ്കൃത ദിനവുമായി ബന്ധപ്പെട്ട് നടത്തുന്ന प्रशनोत्तरी, वाचनक्रीडा, स्मरणाक्रीडा തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കൽ | ആഗസ്റ്റ് | ചാർട്ട്, പുസ്തകങ്ങൾ ചിത്രങ്ങൾ | |
| സംസ്കൃതദിനാചരണം | സംസ്കൃത അന്തരീക്ഷം സൃഷ്ടിക്കൽ. ആഴ്ചകൾ, സംഖ്യ, പ്രാർത്ഥന, സംസ്കൃത കേളികൾ - സൃഷ്ടികൾ തയ്യാറാക്കൽ | ആഗസ്റ്റ് | | |
| സംസ്കൃതോത്സവം തയ്യാറെടുപ്പ് | വിവിധ സംസ്കൃത മത്സരയിനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള മുന്നൊരുക്കം | സെപ്റ്റംബർ | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| ഓണാഘോഷം | ഓണവുമായി ബന്ധപ്പെട്ട സംസ്കൃതഗീതങ്ങൾ അവതരിപ്പിക്കൽ | | | |

| | | | | |
|---|---|---|---|---|
| ഗാന്ധിജയന്തി ആഘോഷം/ ആചരണത്തിൽ പങ്കെടു ക്കൽ | ഗാന്ധിജിയുടെ മഹത് വചനങ്ങൾ - ജീവചരിത്രം തുടങ്ങിയവ സംസ്കൃതത്തിൽ അവതരിപ്പിക്കൽ | ഒക്ടോബർ | | |
| വിവിധ മത്സരപരീക്ഷ കൾക്കായുള്ള മുന്നൊരുക്കം | യു.എസ്.എസ്, സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ കളിൽ പങ്കെടുക്കുന്നതിനായി തയ്യാറാക്കൽ | | ചോദ്യപേപ്പർ പുസ്തക ങ്ങൾ | |
| ദിനാചരണങ്ങളിൽ സംസ്കൃ തത്തിൽ പോസ്റ്ററുകൾ, ഗീത ങ്ങൾ ഇവ തയ്യാറാക്കൽ | കലണ്ടർ പ്രകാരം വിവിധ ദിനാചരണങ്ങളിൽ സംസ്കൃത വ്യവഹാര രൂപങ്ങളുടെ അവതരണം | | | |
| ക്ലാസ് മുറി സജ്ജമാക്കൽ | സംസ്കൃത പോഷണവുമായി ബന്ധപ്പെട്ട ലഘുസം ഭാഷണങ്ങൾ, ഗീതങ്ങൾ ഇവയുടെ അവതരണം | | ഐ.സി.റ്റി | റിസോഴ്സ് അധ്യാപിക പി.റ്റി.എ |
| മികവുകൾ കണ്ടെത്തൽ | ക്ലാസ് മുറിയിലെ മികവുറ്റ പ്രവർത്തനങ്ങളുടെ അവ തരണം | | | |

# യു.പി അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുക | **ശാസ്ത്ര പോഷണം**<br>* ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു.<br>* ദിനാചരണവുമായി ബന്ധപ്പെട്ട വീഡിയോ / സിഡി ശേഖരണം<br>* ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>* സയൻസ് ബുള്ളറ്റിൻ ബോർഡിൽ സമകാലീന ശാസ്ത്ര വാർത്തകൾ അപ്ഡേറ്റ് ചെയ്യൽ<br>* അസംബ്ലിയിൽ ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കൽ<br>* പഠനയാത്രകൾ | ജൂൺ<br>ഫെബ്രുവരി | ശാസ്ത്ര ക്ലബ്ബിന്<br>PTA<br>OSA<br>SSG | 6000 രൂപ |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **സയൻസ് കോർണർ**<br>* ഓരോ യൂണിറ്റിലും ശേഖരിക്കേണ്ടവ (വീട്ടിൽ നിന്നും ചുറ്റുപാടിൽ നിന്നും) വിലകൊടുത്ത് വാങ്ങേണ്ടവ, ലാബിൽ നിന്നും എടുക്കേണ്ടവ. ചാർട്ട് തയ്യാറാക്കൽ. വീട്ടിലും സാമഗ്രികളുടെ ശേഖരണം. | ജൂൺ മുതൽ മാർച്ച് വരെ | അതാത് ക്ലാസിന് ശാസ്ത്രക്ലബ്ബ്, ശാസ്ത്ര അധ്യാപകർ, PTA, SSG | 5000 |

| | | | | |
|---|---|---|---|---|
| | * ശാസ്ത്ര പുസ്തകങ്ങളും, മാസികകളും ലൈബ്രറിയിൽ (ക്ലാസ്) ഉൾപ്പെടുത്തൽ, ശാസ്ത്ര ക്ലബ്ബിന് ക്ലാസ് തലത്തിൽ വിജയിയെ കണ്ടെത്തൽ എല്ലാ മാസവും | ജൂൺ മുതൽ മാർച്ച് വരെ | അതാത് ക്ലാസിന് ശാസ്ത്രക്ലബ്ബ്, ശാസ്ത്ര അധ്യാപകർ, PTA, SSG | 5000 |

# യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കി മാറ്റി യെടുക്കുക | പ്രാദേശിക ചരിത്ര രചന നടത്തൽ - കുട്ടികൾ സ്വന്തം പ്രദേശത്തിന്റെ ചരിത്ര രചന നടത്തുന്നു | അക്കാദമിക വർഷം | എസ്. എസ് ടീച്ചർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | സംവാദം, പാനൽ ചർച്ച, സെമിനാർ | അക്കാദമിക വർഷം | എസ്. എസ് ടീച്ചർ | |
| സുസ്ഥിര വികസന കാഴ്ച പ്പാട് രൂപപ്പെടുത്തുന്നു | പാഴ് വസ്തുക്കളുടെ പുനരുപയോഗ സാധ്യത പ്രയോജനപ്പെടുത്തി ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. പ്രദർശനം നടത്തുന്നു | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | എസ്. എസ് ടീച്ചർ | |
| ഭൂപട വിശകലനം, മാതൃക നിർമ്മാണം | ഗ്ലോബ് മാതൃക നിർമ്മാണം, അറ്റ്ലസ് നിർമ്മാണം | അക്കാദമിക വർഷം | എസ്. എസ് ടീച്ചർ | |
| സാമൂഹ്യശാസ്ത്ര പഠനത്തി ലൂടെ പഠിതാക്കളെ പൊതു വിജ്ഞാനത്തിൽ കൂടുതൽ നിലവാരത്തിലേക്ക് എത്തി ക്കുന്നു | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന രീതിയിൽ പഠനവേളയോടൊപ്പം ക്വിസ് ടൈം സംഘ ടിപ്പിക്കുന്നു. (ക്ലാസുമായി അനുബന്ധിച്ച്) | അക്കാദമിക വർഷം | എസ്. എസ് ടീച്ചർ | |
| പഠിതാക്കളെ ചരിത്രാവബോ ധമുള്ളവരാക്കി മാറ്റിയെടു ക്കുക | വിദ്യാലയത്തിന് ചുറ്റുമുള്ള പൊതുസ്ഥാപനങ്ങൾ, ഓഫീസുകൾ, മറ്റ് വിദ്യാലയങ്ങൾ ഇവ സന്ദർശിച്ച് അവയുടെ ചരിത്ര പഠനം നടത്തി പ്രോജക്ട് തയ്യാറാ ക്കുന്നു | ജനുവരി<br>ഫെബ്രുവരി | എസ്. എസ് ടീച്ചർ | |

# യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപിക | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ഓരോ പാഠഭാഗത്തും അനിവാര്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. പ്രദർശനംസംഘടിപ്പിക്കൽ | ആവശ്യാനുസരണം<br>CPTA | ഗണിത അധ്യാപിക | |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിത മൂല/ലാബ്**<br>ക്ലാസ് മുറി/ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത മൂല/ ലാബ് സജ്ജമാക്കൽ ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപിക<br>കുട്ടികൾ | |
| ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ ഗണിത നടത്തം - പരിപാലനത്തിനായി<br>**ഗണിത നടത്തം**<br>ഗണിത പാർക്ക് കാണുന്നതിനും അതിലെ സസ്യങ്ങൾ നനക്കുന്നതിനും ഒരു ഗണിത നടത്തം | ഒരു പ്രാവശ്യം<br>ആവശ്യാനുസരണം | ഗണിത ക്ലബ്ബ്<br>ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്<br>PTA |

| | | | | |
|---|---|---|---|---|
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ മൂന്ന് തവണ | ഗണിത ക്ലബ്ബ് | PTA |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br>**റിവേഴ്സ് ക്വിസ്**<br>1 നും 100 നുമിടയ്ക്കുള്ള ഒരു സംഖ്യ വിചാരിക്കുന്നു. അതുമായി ബന്ധപ്പെട്ട് 10 വ്യത്യസ്ത ചോദ്യങ്ങൾ ചോദിക്കുന്നു. Yes or No ഉത്തരം മാത്രമേ പറയാൻ പാടുള്ളൂ | രണ്ടാഴ്ചയിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒരിക്കൽ | ഗണിത അധ്യാപകർ മുൻനിരയിലെ കുട്ടികൾ<br>ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | **ഗണിത സ്കിറ്റ്**<br>ഗണിതത്തിൽ നേടിയ ശേഷികൾ വിവിധ വ്യവഹാര രൂപത്തിൽ (സ്കിറ്റ്, പാട്ട്, ഒപ്പന, തിരുവാതിര, വഞ്ചിപ്പാട്ട്) അവതരിപ്പിക്കുന്നു.<br>**ഗണിത നിഘണ്ടു**<br>ഗണിതഭാഷയിലെ പുതിയതും പ്രയാസമേറിയതുമായ വാക്കുകൾ വിശദീകരിച്ച് എഴുതുന്നു. ആവശ്യാനുസരണം ഉപയോഗപ്പെടുത്തുന്നു | ഫെബ്രുവരി<br><br>ആവശ്യാനുസരണം | ഗണിത ക്ലബ്ബ്<br><br>ഗണിത ക്ലാസ് | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **വളരുന്ന ചാർട്ട്**<br>ഓരോ പാഠഭാഗത്തും കുട്ടിക്ക് ലഭിക്കേണ്ട കാര്യങ്ങൾ ഗണിത അധ്യാപകർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു | ഓരോ യൂണിറ്റ് നടക്കുമ്പോൾ | ഗണിത അധ്യാപകർ | |